# കേരള സർക്കാർ
## സംഗ്രഹം

വനംവകുപ്പ് പരമ്പരാഗത ഈറതൊഴിലാളികൾക്ക് വനത്തിൽനിന്നും തലചുമടായി ഈറ ശേഖരിക്കുന്നതിനുള്ള പാസ്സിന്റെ ഫീസ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം പരിസ്ഥിതി, വന്യജീവി (ഡി) വകുപ്പ്

സ.ഉ.(കൈയെഴുത്ത്) നം.21/86 വനം, തിരുവനന്തപുരം, തീയതി, 28–2–86

---

വായിച്ചു.: 1. ശ്രീ കെ. വി. സുരേന്ദ്രനാഥ്, എം. എൽ. എ 8–1–1985–ൽ വനം വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

2. തിരുവനന്തപുരം ജില്ലാ സ്വതന്ത്ര ഈറ്റ തൊഴിലാളി കമ്മിറ്റിയുടെ 18–1–1985–ലെ നിവേദനം.

3. കേരളാ സാംബവാർ സൊസൈറ്റി തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ 25–1–1985 ലെ നിവേദനം.

4. 1–2–85ൽ ശ്രീ. തലേക്കുന്നിൽ ബഷീർ എം.പി. വനം വകുപ്പുമന്ത്രിയ്ക്ക് സമർപ്പിച്ച കത്ത്.

5. ശ്രീ വർക്കല രാധാകൃഷ്ണൻ എം.എൽ.എ. 15–2–1985–ൽ വനംവകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

6. ശ്രീ കെ. പങ്കജാക്ഷൻ എം.എൽ.എ.10–7–1985–ൽ മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

7. മുഖ്യവനപാലകന്റെ 15–11–1985–ലെ ജി4–31315/85–ാം നമ്പർ കത്തിൽ നിൽക്കുന്ന കത്തിടപാടുകൾ.

## ഉത്തരവ്

പരംപരാഗത ഈറ്റതൊഴിലാളികൾക്ക് ഈറ്റ ശേഖരിക്കാനായി നൽകിവന്ന തലചുമട് പാസ്സിന്റെ ഫീസ്സ് 1–12–1984–വരെ 30 ഈറ്റയടങ്ങുന്ന ഒരു തലചുമട് ഈറ്റയ്ക്ക് 1 രൂപ വിലയ്ക്കും മറ്റുനികുതികളുമാണ് ഈടാക്കി വന്നിരുന്നത്. എന്നാൽ ഈറ്റയുടെ വിതരണം വില്പനവില നിജപ്പെടുത്തൽ നിയമവുമായി ബന്ധപ്പെടുത്തിയതിനാൽ 30 ഈറ്റ അടങ്ങിയ ഒരു തലചുമട് ഈറ്റയുടെ വില കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് 1–4–1985 മുതൽ നികുതി ഉൾപ്പെടെ 7 രൂപാ 30 പൈസയായി നിജപ്പെടുത്തുകയുണ്ടായി.

മേൽപറഞ്ഞ പ്രകാരം നിരക്ക് വർദ്ധിപ്പിച്ചതിനെതിരെ ഈറ്റ കൊണ്ടു തൊഴിൽ ചെയ്തു ജീവിയ്ക്കുന്ന പരംപരാഗത തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയും അവ പരിശോധിച്ചതിനുശേഷം സർക്കാർ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

30 ഈറ്റകളടങ്ങുന്ന ഒരു തലചുമട് ഈറ്റയ്ക്കുള്ള പാസ്സിന് ഈടാക്കേണ്ട ഫീസ് വില്പന വില നിജപ്പെടുത്തൽ നിശ്ചയവുമായി ബന്ധപ്പെടുത്താതെ 1–12–84 വരെ ഉണ്ടായിരുന്ന നിരക്കായ ഒരു രൂപയായി നിശ്ചയിച്ചിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

എസ്. ഗോപാലൻ
കാർഷികോൽപാദനകമ്മീഷണറും വനംവകുപ്പ്
സെക്രട്ടറിയും

ഇണ്ടാസ് നം. ജി431315/85 തീയതി 7–3–85

പകർപ്പ എല്ലാ വനപാലകൻമാർക്കും ജില്ലാ വനപാലകർക്കും അറിവിനായി അയയ്ക്കുന്നു.
സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം ആയിരിക്കണം ഈറ്റയ്ക്കുള്ള തലചുമട് പാസ്സിന്റെ വില ഈടാക്കേണ്ടത്.

മുഖ്യവനപാലക കാര്യാലയം
തിരുവനന്തപുരം.

ഒപ്പ്
മുഖ്യവനപാലകനുവേണ്ടി.

ഇണ്ടാസ് നമ്പർ ജി.ആർ 11306/85 തീയതി 24–3–86

പകർപ്പ് എം.എൽ. സി.എച്ച്. വി ഇ സെക്ഷനുകൾക്ക് നൽകുന്നു.
പകർപ്പ് സ്റ്റോക്ക് ഫയലിലേയ്ക്ക്.

മദ്ധ്യമേഖലവനപാലകനുവേണ്ടി

ജി.1–4